# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം
# നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4085
# 12/11/2019 ലെ മറുപടിക്ക്

## <u>ഹൈമാസ്റ്റ്/മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്ന പ്രവൃത്തി</u>

| | ചോദ്യം<br>ശ്രീ.സി.കെ. ഹരീന്ദ്രൻ | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | എം.എൽ.എ. എ.ഡി.എസ്.ഫണ്ട് വിനിയോഗിച്ച് ഹൈമാസ്റ്റ്/മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്ന പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നേരിടുന്ന തടസ്സങ്ങൾ പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | നിയോജകമണ്ഡല ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് ഹൈമാസ്റ്റ്/മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് നിലവിൽ തടസ്സങ്ങളില്ല. അക്രഡിറ്റഡ് ഏജൻസികൾക്ക് ഹൈമാസ്റ്റ്/മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ പ്രൈസ് സോഫ്റ്റ്വെയറിൽ തയ്യാറാക്കാവുന്നതിനാൽ ചീഫ് ഇലക്ട്രിക്കൽ എഞ്ചിനീയറുടെ പരിശോധന ഒഴിവാക്കിയിട്ടുണ്ട്. |
| (ബി) | നിലവിൽ ഹൈമാസ്റ്റ്/മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | 02/07/2018 ലെ സർക്കുലർ നം.60/2018/ധന പ്രകാരം നിയോജകമണ്ഡല ആസ്തി വികസന പദ്ധതി മുഖേന ഹൈമാസ്റ്റ്/മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട് (www.finance.kerala.gov.in). ആയതു പ്രകാരം അക്രഡിറ്റഡ് ഏജൻസികൾ ഹൈമാസ്റ്റ്/മിനിമാസ്റ്റ് ലൈറ്റിലെ പ്രധാന ഇനമായ ബൾബുകൾ വാങ്ങുന്നത് കേന്ദ്ര സർക്കാരിന്റെ GeM Portal വഴി ആയിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (സി) | ജി.ഇ.എം. വഴി ലൈറ്റുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിൽ വരുന്ന കാലതാമസം ഒഴിവാക്കാനും ആയതിന്റെ പേയ്മെന്റ് സമയബന്ധിതമായി ലഭ്യമാക്കി നൽകുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ? | GeM Portal മുഖേനയുള്ള പർച്ചേസുകളുടെ പേയ്മെന്റുകളിൽ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ